**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായ ശ്രീ ജെ.കെ. ശ്രീകുമാർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 477/2019 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 06.03.2019 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.1065/2019/തസ്വഭവ തീയതി, തിരുവനന്തപുരം,28/05/2019**

പരാമർശം:- 1. സ.ഉ(പി) 3/2017/ഉഭപവ, തീയതി 25.02.2017

2. ശ്രീ.ജെ.കെ.ശ്രീകുമാർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 477/2019 നമ്പർ കേസ്സിന്മേലുള്ള 06.03.2019 ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 12.04.2019 ലെ ഇ 4-4661/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായ ശ്രീ ജെ.കെ. ശ്രീകുമാർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 477/2019 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 06.03.2019 ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകൻ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്ഷർ A13 നിവേദനം പരിശോധിച്ച് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചയത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. ജെ.കെ. ശ്രീകുമാറിന് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അനക്ഷർ A13 മുഖാന്തിരം അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നു.

2. ശ്രീ. ജെ.കെ. ശ്രീകുമാറിനെ തദ്ദേശസ്വയംഭരണ വകുപ്പിൽ ഡെപ്യൂട്ടി സെക്രട്ടറി 16.04.2019 ന് നേരിൽ കേൾക്കുകയുണ്ടായി. തന്റെ മകളുടെ ഹോർമോൺ ട്രീറ്റ്മെന്റ് സംബന്ധമായ ചികിത്സ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ നടന്നു വരുകയാണെന്നും, താൻ തുടർച്ചയായി തിരുവനന്തപുരം ജില്ലയിലെ മടത്തറയിൽ നിന്നും കോട്ടയം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലേക്ക് ബസ് യാത്ര ചെയ്യുന്നത് തന്റെ ആരോഗ്യത്തെയും വളരെയധികം ബാധിച്ചിരിക്കുന്നുവെന്നും താൻ LUMBAR SPONDYLOSIS & REDECULOPATHY എന്ന രോഗ ബാധിതനാണെന്നും തന്നെക്കാൾ

ജൂനിയറായിട്ടുള്ള സീനിയർ ക്ലാർക്കുമാർക്കു വരെ തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെന്നും തന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് മാനുഷിക പരിഗണന നൽകി തനിക്ക് തിരുവനന്തപുരം ജില്ലയിൽ സ്ഥലംമാറ്റം അനുവദിക്കണമെന്നും ഹിയറിംഗ് വേളയിൽ ശ്രീ. ജെ.കെ. ശ്രീകുമാർ ആവർത്തിക്കുകയുണ്ടായി.

3. പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരുന്ന ശ്രീ ജെ.കെ ശ്രീകുമാറിനെ ടിയാന്റെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ 2017 ലെ പൊതുസ്ഥലംമാറ്റ വേളയിൽ കോട്ടയം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുകയും 10.07.2017 ൽ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മണിമല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ചു 03.02.2018 ൽ മണിമല ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ജെ.കെ. ശ്രീകുമാർ 2018 ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്ന വേളയിൽ മണിമല ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച 03.02.2018 തീയതി അടിസ്ഥാനമാക്കിയാണ് അപേക്ഷകരുടെ ലിസ്റ്റിൽ സ്റ്റേഷൻ സീനിയോറിട്ടി നിർണ്ണയിച്ച് നൽകിയിരുന്നത്. ഇതിന് എതിരെ ശ്രീ.ശ്രീകുമാർ.ജെ.കെ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 2164/2018 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടിയാന്റെ നിവേദനം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ബഹു. ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 5, പിരിവ് (vi), (viii) പ്രകാരം ഓപ്ഷനുകളെ അടിസ്ഥാനമാക്കിയുള്ളതല്ലാത്ത സ്ഥലംമാറ്റങ്ങളെ നിർബന്ധിത സ്ഥലംമാറ്റങ്ങളായി കണക്കാക്കേണ്ടതാണെന്നും നിർബന്ധിത സ്ഥലംമാറ്റങ്ങൾ സ്റ്റേഷൻ സീനിയോറിട്ടിയെ ബാധിക്കുന്നതല്ലെന്നും ഇത്തരം നിർബന്ധിത സ്ഥലംമാറ്റങ്ങളുടെ സംഗതിയിൽ മാത്രമേ സ്റ്റേഷൻ സീനിയോറിട്ടി പുനസ്ഥാപിച്ച് നൽകാൻ സാധിക്കുകയുള്ളു എന്നതിനാൽ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കുറച്ചി ഗ്രാമപഞ്ചയത്തിൽ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ സ്റ്റേഷൻ സീനിയോറിറ്റി നൽകണമെന്ന ശ്രീ. ശ്രീകുമാറിന്റെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2018 ൽ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ച വേളയിൽ ശ്രീ ജെ.കെ. ശ്രീകുമാറിന്റെ കോട്ടയം ജില്ലയിലെ സീനിയോറിറ്റി നിർണ്ണയിച്ചത് 03.02.2018 മുതൽക്കാണ്. ശ്രീ.ശ്രീകുമാറിന് 10.07.2017 ൽ കുറിച്ചി ഗ്രാമപഞ്ചായത്തിൽ സ്ഥലംമാറ്റം അനുവദിച്ചത് ടിയാന്റെ അപേക്ഷ പ്രകാരമാകയാൽ ടിയാന്റെ പ്രസ്തുത തീയതി മുതലുള്ള സീനിയോറിറ്റി കണക്കാക്കാതിരുന്നത് നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ക്രമപ്രകാരമാണ്. എന്നാൽ ശ്രീ. ജെ.കെ. ശ്രീകുമാർ ദീർഘനാളായി ആഫീസിലേക്ക് ബസ് യാത്ര ചെയ്തു വരുന്നത് അദ്ദേഹത്തിന്റെ ആരോഗ്യത്തെ വിപരീതമായി ബാധിച്ചിരിക്കുന്നു എന്നത് കണക്കിലെടുത്തും ടിയാന്റെ മകളുടെ ഹോർമോൺ സംബന്ധമായ ചികിത്സ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ നടന്നു വരുന്നതിനാൽ പിതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ആവശ്യമായിരിക്കുന്നുവെന്നതിനാലും ശ്രീ ജെ.കെ.

ശ്രീകുമാറിനേക്കാൾ ജൂനിയറായ പല ഉദ്യോഗസ്ഥരും തിരുവനന്തപുരം ജില്ലയിലേക്ക് മടങ്ങി വന്നിട്ടുള്ളതിനാലും, മാനുഷിക പരിഗണന നൽകി ടിയാന് 2019 ലെ ജനറൽ ട്രാൻസ്ഫറിലോ അല്ലെങ്കിൽ ഉടനെയുണ്ടാകുന്ന മറ്റു ട്രാൻസ്ഫറിലോ ശ്രീ ജെ.കെ. ശ്രീകുമാർ കോട്ടയം ജില്ലയിൽ സ്ഥലംമാറി വന്ന തീയതിയായ 10.07.2017 മുതലുള്ള സീനിയോറിറ്റി കണക്കാക്കി ടിയാന് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 477/2019 നമ്പർ കേസ്സിന്മേലുള്ള 06.03.2019 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ.ബി**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. ജെ.കെ. ശ്രീകുമാർ, സീനിയർ ക്ലാർക്ക്, പായിപ്പാട് ഗ്രാമ പഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പായിപ്പാട് ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 65/ഇപിഎ 1/2019/തസ്വഭവ)

ഉത്തരവിൻപ്രകാരം

Danijo MS

സെക്ഷൻ ഓഫീസർ